**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1163** **04-07-2022 - ൽ മറുപടിയ്ക്ക്**

**മഞ്ചേരി മണ്ഡലത്തിലെ പൊതുമരാമത്ത് പ്രവൃത്തികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. യു.എ.ലത്തീഫ് | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | പാണ്ടിക്കാട് റസ്റ്റ്ഹൗസിന് വേണ്ടി പുതിയ കെട്ടിടം നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ; | (എ) | റസ്റ്റ്ഹൗസിന് പുതിയ കെട്ടിടം നിർമ്മിക്കുന്നത് സാമ്പത്തിക ലഭ്യത അനുസരിച്ച് പരിഗണിക്കുന്നതാണ്. |
| (ബി) | മഞ്ചേരിയിൽ സർക്കാർ നഴ്സിംഗ് കോളേജ് കെട്ടിട നിർമ്മാണത്തിന് 2017-ൽ 14 കോടി രൂപയുടെ ഭരണാനുമതി ലഭിച്ചിരുന്നുവെങ്കിലും പ്രസ്തുത പ്രവൃത്തി ടെണ്ടർ ചെയ്യാത്തത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ടെണ്ടർ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ; | (ബി) | ആർക്കിടെക്ചറൽ ഡ്രോയിംഗ് അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. ആയത് പരിഗണനയിലാണ്. |
| (സി) | മഞ്ചേരി ഫയർ സ്റ്റേഷൻ കെട്ടിട നിർമ്മാണ പ്രവൃത്തി അടിയന്തരമായി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; | (സി) | മഞ്ചേരി ഫയർ സ്റ്റേഷൻ കെട്ടിട നിർമ്മാണത്തിന് 300 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിക്കുകയും ആർക്കിടെക്റ്റ് തയ്യാറാക്കിയ പ്ലാൻ ഡിസൈൻ ലഭിക്കുന്നതിന് വേണ്ടി കോഴിക്കോട് ഡിസൈൻ വിംഗിന്റെ പരിഗണനയ്ക്കായി സമർപ്പിച്ചിരിക്കുകയാണ്. |
| (ഡി) | മഞ്ചേരിയിൽ പുതിയ കോടതി സമുച്ചയം നിർമ്മിക്കുന്ന പ്രവൃത്തി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; | (ഡി) | കോടതി സമുച്ചയത്തിന്റെ ഫിനിഷിംഗ് പ്രവൃത്തികൾക്കുള്ള 356 ലക്ഷം രൂപയുടെ റിവൈസ്ഡ് ഭരണാനുമതി ലഭിച്ച എസ്റ്റിമേറ്റിന് സാങ്കേതികാനുമതിക്കും, ടെണ്ടർ നടപടികൾക്കും നടപടികൾ സ്വീകരിച്ചുവരികയാണ്. |
| (ഇ) | മഞ്ചേരി ഗവ:പോളിടെക്നിക് കോളേജിന്റെ അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്ക് കെട്ടിട നിർമ്മാണത്തിന് ഡി.പി.ആർ. സമർപ്പിച്ചിരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ; നിർമ്മാണത്തിന് ഫണ്ട് അനുവദിച്ച് പ്രവൃത്തി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ? | (ഇ) | ഉണ്ട്. Rate Revision വന്നതിനാൽ പുതിയ റേറ്റായ DSOR 2018 പ്രകാരം പുതിയ പ്രൊപ്പോസൽ തയ്യാറാക്കികൊണ്ടിരിക്കുന്നു. |

സെക്ഷൻ ഓഫീസർ